ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**DATE: 10.03.2026** **TIME : 06.30 PM**

### പ്രധാന വാർത്തകൾ

1) ജൽ ജീവൻ ദൗത്യം 2028 ഡിസംബർ വരെ ദീർഘിപ്പിച്ച് കേന്ദ്രസർക്കാർ. പദ്ധതി ചെലവ് 8.69 ലക്ഷം കോടി രൂപയായി വർദ്ധിപ്പിച്ചു.
2) സ്പീക്കർ ഓം ബിർളയെ നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷം കൊണ്ടുവന്ന പ്രമേയത്തിൽ ലോക്സഭയിൽ ചർച്ച പുരോഗമിക്കുന്നു. രാജ്യസഭ ഇന്നത്തേക്ക് പിരിഞ്ഞു.
3) പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ കേരളത്തിലെത്തും. 10,800 കോടി രൂപയുടെ വികസനപദ്ധതികൾക്ക് കൊച്ചിയിൽ തുടക്കം കുറിക്കും.
4) ഉഷ്ണകാല പ്രതിരോധ പ്രവർത്തനങ്ങൾക്ക് ജില്ലാ കലക്ടർമാർക്ക് ഒരു കോടി രൂപ വീതം അനുവദിക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻറെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനം
5) ഭിന്നശേഷി വിഭാഗക്കാർക്കായി സംസ്ഥാനത്ത് പ്രത്യേക പരീക്ഷയും മൂല്യനിർണയ സംവിധാനവും ഏർപ്പെടുത്തുമെന്ന് മന്ത്രി ആർ ബിന്ദു.
6) രാജ്യത്തെ ഗാർഹിക ഉപഭോക്താക്കൾക്കും മറ്റ് അവശ്യ മേഖലകൾക്കും എൽപിജി ഉറപ്പാക്കാൻ നടപടികൾ സ്വീകരിച്ചതായി പൊതുമേഖല എണ്ണക്കമ്പനികൾ.

**കേന്ദ്ര മന്ത്രിസഭ**

ജൽ ജീവൻ ദൗത്യം 2028 ഡിസംബർ വരെ ദീർഘിപ്പിച്ച് കേന്ദ്രസർക്കാർ. സേവനങ്ങൾക്ക് പ്രാധാന്യം നൽകുന്ന വിധത്തിൽ പദ്ധതി പുനസംഘടിപ്പിക്കാനും ഇന്ന് ചേർന്ന മന്ത്രിസഭായോഗം തീരുമാനിച്ചു. 8.69 ലക്ഷം കോടി രൂപ മൊത്തം ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിയ്ക്കായി 3.59 ലക്ഷം കോടി രൂപ കേന്ദ്രം ചിലവഴിക്കും. കുടിവെള്ള വിതരണ സംവിധാനം ഡിജിറ്റലായി മാപ് ചെയ്യുന്നതിന് ദേശീയ തലത്തിൽ സുജലം ഭാരത് സംവിധാനത്തിന് രൂപം നൽകുമെന്നും മന്ത്രിസഭ തീരുമാനങ്ങൾ വിശദീകരിച്ചുകൊണ്ട് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. തമിഴ്നാട്ടിലെ മധുര വിമാനത്താവളത്തിന് അന്താരാഷ്ട്ര വിമാനത്താവള പദവി നൽകാനും തീരുമാനിമായി.

❋❋❋❋❋❋❋❋❋❋❋❋❋

**ലോക്സഭ -പ്രമേയം**

സ്പീക്കർ ഓം ബിർളയെ തത്സ്ഥാനത്ത് നിന്ന് നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷം കൊണ്ടുവന്ന പ്രമേയത്തിൽ ലോക്സഭയിൽ ചർച്ച പുരോഗമിക്കുന്നു. കോൺഗ്രസ് അംഗം മുഹമ്മദ് ജാവേദാണ് പ്രമേയം അവതരിപ്പിച്ചത്. പ്രതിപക്ഷ നേതാവിനെയും മറ്റ് പ്രതിപക്ഷ അംഗങ്ങളേയും സഭയിൽ സംസാരിക്കാൻ സ്പീക്കർ അനുവദിച്ചില്ലെന്നും, സഭയിൽ

നിഷ്പക്ഷത പുലർത്താൻ സ്പീക്കർ സാധിച്ചില്ലെന്നും അദ്ദേഹം വിമർശിച്ചു. എന്നാൽ സ്പീക്കർ നിഷ്പക്ഷമായാണ് സഭാ നടപടികൾ നിയന്ത്രിച്ചിരുന്നതെന്ന് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് കേന്ദ്ര പാർലമെൻററികാര്യ മന്ത്രി കിരൺ റിജിജു പറഞ്ഞു. പ്രതിപക്ഷ എംപിമാരെ ഏറ്റവും കൂടുതൽ സസ്പെൻഡ് ചെയ്തത് ഓം ബിർലയുടെ കാലത്താണെന്ന് ത്രിണമൂൽ എംപി മഹുവ മൊയ്ത്ര ആരോപിച്ചു. പത്ത് മണിക്കൂറാണ് പ്രമേയത്തിന്മേലുള്ള ചർച്ചയ്ക്കായി സമയം അനുവദിച്ചിരിക്കുന്നത്. രാജ്യസഭ നടപടിക്രമങ്ങൾ പൂർത്തിയാക്കി ഇന്നത്തേക്ക് പിരിഞ്ഞു. ഗ്രാമവികസന മന്ത്രാലയം, വനം പരിസ്ഥിതി മന്ത്രാലയം എന്നിവയുടെ പ്രവർത്തനം സംബന്ധിച്ച ചർച്ചകളാണ് രാജ്യസഭയിൽ ഇന്ന് നടന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

**പ്രധാനമന്ത്രി കേരള സന്ദർശനം**

പ്രധാനമന്ത്രി നരേന്ദ്ര മോദി 10,800 കോടി രൂപയുടെ വികസനപദ്ധതികൾക്ക് കൊച്ചിയിൽ നാളെ തുടക്കം കുറിക്കും. ബിപിസിഎൽ കൊച്ചി എണ്ണശുദ്ധീകരണശാലയിലെ 5,500 കോടി രൂപയുടെ പോളിപ്രൊപ്പിലീൻ യൂണിറ്റിന് അദ്ദേഹം തറക്കല്ലിടും. തലപ്പാടി-ചെങ്കള ആറുവരിപ്പാത, വെങ്ങളം- രാമനാട്ടുകര ആറുവരി ബൈപ്പാസ് എന്നീ ദേശീയ പാത പദ്ധതികളും, പിഎം ഗ്രാം സഡക് യോജന പ്രകാരം നിർമിച്ച 23 ഗ്രാമീണ

റോഡുകളും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. പുനർനവീകരിച്ച ഷൊർണൂർ , കുറ്റിപ്പുറം, ചങ്ങനാശേരി റെയിൽവേ സ്റ്റേഷനുകളുടെ ഉദ്ഘാടനം, പാലക്കാട്-പൊള്ളാച്ചി ട്രെയിൻ സർവീസിന്റെ ഫ്ലാഗ് ഓഫ് എന്നിവയും പ്രധാനമന്ത്രി നിർവഹിക്കും. ഷൊർണൂർ-നിലമ്പൂർ റോഡ് റെയിൽപ്പാത വൈദ്യുതവൽക്കരണപദ്ധതി അദ്ദേഹം രാഷ്ട്രത്തിനു സമർപ്പിക്കും. കൊല്ലം വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ട് ശേഷിയുള്ള ഫ്ലോട്ടിങ് സോളാർ പദ്ധതിക്കും പ്രധാനമന്ത്രി തറക്കല്ലിടും. ധീവരസഭയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളും അദ്ദേഹം കൊച്ചിയിൽ ഉദ്ഘാടനം ചെയ്യും. കലൂർ സ്റ്റേഡിയത്തിൽ ബി.ജെ.പി സംഘടിപ്പിക്കുന്ന 'വികസിത കേരളം മോദിക്കൊപ്പം' പരിപാടിയെയും ശ്രീ മോദി അഭിസംബോധന ചെയ്യും. പ്രധാനമന്ത്രിയുടെ സന്ദർശനത്തോടനുബന്ധിച്ച് കൊച്ചി നഗരത്തിൽ നാളെ രാവിലെ 10 മുതൽ ഉച്ചയ്ക്ക് 3.30 വരെ ഗതാഗത ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

## മുഖ്യമന്ത്രി-വാട്ട്സ്ആപ്

മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും സംസ്ഥാന സർക്കാർ ജീവനക്കാരുടെ വാട്ട്സ്ആപ് അക്കൗണ്ടുകളിലേക്ക് ഡി എ സംബന്ധിച്ച സന്ദേശം അയച്ചതിൽ സ്വകാര്യത ലംഘനം ഉണ്ടായിട്ടില്ലെന്ന് ഹൈക്കോടതി. ഇത് സംബന്ധിച്ച ഹർജി

കോടതി തള്ളി. ജസ്റ്റിസ് ബച്ചു കുര്യൻ തോമസ് അധ്യക്ഷനായ ബെഞ്ചാണ് ഹർജി പരിഗണിച്ചത്. സന്ദേശത്തിൽ നിയമവിരുദ്ധമായി ഒന്നുമില്ലെന്നും സദ് ഭരണത്തിന്റെ ഭാഗമായേ ഇതിനെ കണക്കാക്കാൻ സാധിക്കൂ എന്നും കോടതി വ്യക്തമാക്കി

## ഉഷ്ണകാല പ്രതിരോധം- (ഇൻട്രോ)

ഉഷ്ണകാല പ്രതിരോധ പ്രവർത്തനങ്ങൾക്ക് ജില്ലാ കലക്ടർമാർക്ക് ഒരു കോടി രൂപ വീതം അനുവദിക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻറെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനം. വേനൽക്കാല ദുരന്ത ലഘൂകരണവുമായി ബന്ധപ്പെട്ടായിരുന്നു യോഗം. വിശദാംശങ്ങളിലേക്ക്.......
(ഹോൾഡ് - വോയ്സ്)

## ഉഷ്ണകാല പ്രതിരോധം (വോയിസ്)

വരൾച്ച, കുടിവെള്ളക്ഷാമം, വന്യജീവി ആക്രമണം, ഇടിമിന്നൽ, ചൂട് മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ, തീപിടുത്തങ്ങൾ എന്നീ കാര്യങ്ങളിൽ അതീവ ശ്രദ്ധവേണമെന്ന് യോഗം നിർദേശിച്ചു. ഉഷ്ണകാല മുന്നൊരുക്ക യോഗങ്ങൾ ജില്ലാതലത്തിൽ ചേരുന്നതിന് പുറമേ വിപുലവും ഊർജിതവുമായ പൊതുജനക്യാമ്പയിൻ നടത്തണമെന്നും നിർദ്ദേശമുണ്ട്. ആരോഗ്യ വകുപ്പിന്റെ

നേതൃത്വത്തിൽ പ്രത്യേക ഹീറ്റ് ക്ലിനിക്കുകൾ ആരംഭിക്കണം. എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സൂര്യാഘാതത്തിനുള്ള പ്രഥമ ശുശ്രൂഷ നൽകാൻ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കണം. പ്രധാന മാർക്കറ്റുകൾ, കവലകൾ, ബസ് സ്റ്റാൻഡ് തുടങ്ങി ആളുകൾ കൂടുതൽ സമയം ചെലവഴിക്കാൻ സാധ്യതയുള്ള ഇടങ്ങളിൽ തണ്ണീർപന്തലുകൾ സ്ഥാപിക്കണം. പരീക്ഷ ഹാളുകളിൽ വായു സഞ്ചാരവും കുടിവെള്ള ലഭ്യതയും ഉറപ്പാക്കണം. ജലത്തിന്റെ ഗുണമേന്മയും കാർഷിക വിളകളുടെ സംരക്ഷണവും ഉറപ്പു വരുത്തണമെന്നും മുഖ്യമന്ത്രി യോഗത്തിൽ നിർദേശിച്ചു. മന്ത്രിമാരായ കെ രാജൻ, റോഷി അഗസ്റ്റിൻ, കെ കൃഷ്ണൻകുട്ടി, ചീഫ് സെക്രട്ടറി, ജില്ലാകലക്ടർമാർ, തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

ന്യൂസ് ഡെസ്ക് ആകാശവാണി.

## എൽപിജി എണ്ണക്കമ്പനി

രാജ്യത്തെ എൽപിജി ഉത്പാദനം വർദ്ധിപ്പിക്കാനും, ഗാർഹിക ഉപഭോക്താക്കൾക്കും ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയ ഗാർഹികേതര അവശ്യ മേഖലകൾക്കും എൽപിജി ഉറപ്പാക്കാനും നടപടികൾ സ്വീകരിച്ചതായി പൊതുമേഖല എണ്ണക്കമ്പനികൾ. മറ്റ് ഗാർഹികേതര മേഖലകളുടെ ആവശ്യം പ്രത്യേക സമിതി പരിശോധിക്കുമെന്നും ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ,

ഹിന്ദുസ്ഥാൻ പെട്രോളിയം, ഭാരത് പെട്രോളിയം എന്നീ കമ്പനികൾ സമൂഹമാധ്യമത്തിലൂടെ അറിയിച്ചു. എൽപിജി ലഭ്യത, ആവശ്യത്തിൻറെ പ്രാധാന്യം എന്നിവ കണക്കിലെടുത്തായിരിക്കും മറ്റ് ഗാർഹികേതര മേഖലകളുടെ കാര്യത്തിൽ അന്തിമ തീരുമാനമെടുക്കുക. പശ്ചിമേഷ്യയിലെ നിലവിലെ സ്ഥിതിഗതികൾ പരിഗണിച്ച് പാചക വാതക ഉത്പാദനം, വിതരണം എന്നിവയിൽ അവശ്യ സാധന നിയമ പ്രകാരം നിയന്ത്രണങ്ങൾ ഏർപ്പെടുത്തി കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു

**ആർ ബിന്ദു (ഇൻട്രോ)**

ഭിന്നശേഷി വിഭാഗങ്ങൾക്ക് പ്രത്യേക പരീക്ഷയും മൂല്യനിർണയവും ഏർപ്പെടുത്തുമെന്ന് മന്ത്രി ആർ ബിന്ദു. അടുത്ത അധ്യായന വർഷം മുതൽ ഘട്ടം ഘട്ടമായി ഇത് നടപ്പാക്കുമെന്ന് മന്ത്രി തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ അറിയിച്ചു. കണ്ടിന്യൂവസ് ഇൻറേണൽ പരീക്ഷയിലും സെമസ്റ്റർ പരീക്ഷയിലും മാറ്റങ്ങൾ കൊണ്ടുവരുമെന്നും മന്ത്രി അറിയിച്ചു . (ഹോൾഡ് വോയ്സ്.........)

സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്ന

വിദ്യാർത്ഥികളുടെ എണ്ണത്തിൽ കഴിഞ്ഞ രണ്ടു വർഷമായി വർദ്ധന ഉണ്ടായതായും മന്ത്രി വ്യക്തമാക്കി.

## ട്രാൻസ്പ്ലാന്റ് മരുന്നുകൾ

അവയവം മാറ്റിവെക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ രോഗികൾക്കുള്ള ട്രാൻസ്പ്ലാന്റ് മരുന്നുകൾ സീറോ പ്രോഫിറ്റ് കൗണ്ടറുകൾ മുഖേന ഏറ്റവും വിലക്കുറവിൽ ലഭ്യമാക്കുന്നു. തെരഞ്ഞെടുത്ത 14 കാരുണ്യ ഫാർമസികളിലായി പ്രവർത്തിക്കുന്ന 'കാരുണ്യസ്പർശം' കൗണ്ടറുകൾ മുഖാന്തിരമാണ് ഈ മരുന്നുകൾ വിതരണം ചെയ്യുന്നത്. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ആരോഗ്യ മന്ത്രി വീണാ ജോർജ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിർവഹിച്ചു.

## ഗുരു ഗോപിനാഥ് പുരസ്ക്കാരം

2025ലെ ഗുരു ഗോപിനാഥ് ദേശീയ നാട്യ പുരസ്ക്കാരം ഭരതനാട്യം നർത്തകദമ്പതിമാരായ പദ്മഭൂഷൺ വി.പി. ധനഞ്ജയനും ശാന്ത ധനഞ്ജയനും. മന്ത്രി സജി ചെറിയാൻ പുരസ്കാര ജേതാക്കളെ പ്രഖ്യാപിച്ചത്. സപര്യ പുരസ്ക്കാരത്തിന് കേരള നടനം കലാകാരി അംബിക മോഹൻ അർഹയായി.

## എസ്.എസ്.എൽ.സി -ഇടുക്കി

എസ്.എസ്.എൽ.സി പരീക്ഷാ ചൂടിനിടയിൽ ഇടുക്കി കരിമണ്ണൂർ സെന്റ് ജോസഫ്സ് ഹയർസെക്കൻഡറി സ്കൂളിൽ നിന്ന് ഒരു കൗതുക വാർത്ത. ഈ സ്കൂളിൽ ഇത്തവണ പരീക്ഷ എഴുതുന്നത് ഏഴ് ജോഡി ഇരട്ടക്കുട്ടികളാണ്.

ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്........

(വോയിസ്)

## ഓഹരി സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 640 പോയിന്റ് ഉയർന്ന് 78,206ലും നിഫ്റ്റി 234 പോയിന്റ് നേട്ടത്തിൽ 24,262 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണവില കൂടി. പവന് 520 രൂപ വർധിച്ച് ഒരു ലക്ഷത്തി 19,080 രൂപയും ഗ്രാമിന് 14,885 രൂപയുമാണ് ഇന്നത്തെ വില.

## കുണ്ടള അണക്കെട്ട്(ഇൻട്രോ)

ഇടുക്കി പള്ളിവാസൽ ജലവൈദ്യുത പദ്ധതിയുടെ ഭാഗമായ കുണ്ടള അണക്കെട്ടിലെ ജലനിരപ്പ് ഉയർന്നതിനെത്തുടർന്ന് ഒരു ഷട്ടർ 10 സെൻറീമീറ്റർ ഉയർത്തി. ആവശ്യമെങ്കിൽ മൂന്ന് ഷട്ടറുകൾ ഘട്ടംഘട്ടമായി ഉയർത്താൻ

തീരുമാനിച്ചിട്ടുണ്ട്. കുണ്ടളയാറിൻറെ ഇരുഭാഗങ്ങളിലും താമസിക്കുന്നവർ അതീവ ജാഗ്രത പാലിക്കണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.